ബൊസഫറിതം വന്നു താമസിച്ചു ഇയ്യിടെ മാരാമണ്ണും സമീപസ്ഥലങ്ങളിലും പ്രസംഗങ്ങൾ നടത്തിവരുന്നു. നെടുമ്പ്രയാർ എന്നു പറയുന്ന സ്ഥലത്തു ഒരാഴ്ചയോളം ഒരു വലിയ പെന്തിക്കോസ്തു മീറ്റിങ്ങു നടത്തിയിരുന്നു. അതിന്റെ അവസാനദിവസം സമീപെ ആറ്റുതീരത്തിൽ വളരെ ഉന്നതമായി പ്രമാടം എന്നുപറയുന്ന ഒരുപാറക്കൂട്ടമുള്ളതിന്റെ മുകളിൽ ഏകദേശം അയ്യായിരത്തോളം ജനങ്ങൾ പുതിയ ശക്തികൾ" പ്രാപിപ്പാനായി സന്ധ്യവരെയും കാത്തുകിടന്നിരുന്നു. "നീവ് സീനായ്" എന്നാണത്രെ അവർ അതിനു നാമം കൊടുത്തിട്ടുള്ളതു. ഷോർക്കർ എന്ന സായ്‌വ് മകരം ൨-നു ഞായറാഴ്ച മാരാമണ്ണുപള്ളിയിൽ തുടങ്ങി ചിലപള്ളികളിൽ പ്രസംഗങ്ങൾ നടത്തിവരുന്നു. മാമ്മൻ കത്തനാർ താടിയുമായി ഒരു കൊച്ചുനാഗൻ ചമഞ്ഞു ഇവിടങ്ങളിലെ ഉറ്റെറിതമൂണുകാരുടെ കമാൻഡറായി നടക്കുന്നു. മുൻപറഞ്ഞ പെന്തിക്കോസ്തു യോഗത്തിന്റെ ദിവസങ്ങളിൽ പലയാളുകളും നീവ് സീനായുടെ കടവിൽ മലർന്നുമുങ്ങി സ്നാനം പ്രാപിച്ചുമിരിക്കുന്നു.

രണ്ടുകണ്ണൻ.

## നിലയ്ക്കൽ പള്ളിയും സ്ഥലവും

ഈ പള്ളി മാർത്തോമ്മാശ്ലീഹായാൽ മലങ്കര സ്ഥാപിക്കപ്പെട്ട ഏഴുപള്ളികളിൽ ഒന്നും ഒട്ടും അപ്രധാനമല്ലാതിരുന്നതും ആണെന്നു പാരമ്പര്യം, ചരിത്രം മുതലായ തെളിവുകളാൽ വ്യക്തമാകുന്നുണ്ടു. തത്സംബന്ധമായി അറിയപ്പെടുന്ന എല്ലാ വിവരങ്ങളും എല്ലാവക സുറിയാനിക്കാരും പൊതുവെ സമ്മതിക്കുന്നതുമാണു. ഈ സ്ഥലത്തെയും പള്ളിയെയും പറ്റി പല വിവരങ്ങൾ പറഞ്ഞു കേട്ടിട്ടുള്ളതിൽ വായനക്കാരുടെ അറിവിനായി ചിലതെല്ലാം താഴെ പ്രസ്താവിക്കുന്നു.

ഈ സ്ഥലം ഏകദേശം തിരുവിതാംകൂറിന്റെ മദ്ധ്യഭാഗത്തിനു കിഴക്കു സഹ്യപർവതത്തിനു പടിഞ്ഞാറുമായി രണ്ടാം വരി മലകളിൽ ഉൾപ്പെട്ട പമ്പാനദിക്കു തെക്കുവശവും അതിന്റെ ഒരു പോഷകനദിയായ കക്കാട്ടാറിന്റെ വടക്കുവശവും ആകുന്നു. സ്ഥലം ഉദ്ദേശം പത്തു നാഴിക വിസ്തീർണ്ണമുള്ളതും നല്ലനിരപ്പുള്ളതുമാകുന്നു. തെക്കും വടക്കും അതിരുകൾ ചരിവുകളും പടിഞ്ഞാറു വശം ഏറെക്കുറെ നിരപ്പായതും കിഴക്കുവശം തുടർച്ചയായി ഉയർന്നതുമാണു. മദ്ധ്യെ ഒരു ചെറിയ തടാകവും അതിലെ വെള്ളം ഒഴുകുന്ന ഭാഗത്തു ൫൦൦ പറക്കു മേൽ വെള്ളം നിർത്തി കൃഷിചെയ്യാവുന്നതായ നിലങ്ങളും ഉണ്ടു. ഈ തടാകത്തിനു കിഴക്കുമാറി അനേക കെട്ടിടങ്ങളുടെയും മറ്റും ശൂന്യശിഷ്ടങ്ങൾ കരിങ്കൽ പണികളാൽ കാണപ്പെടുന്നുണ്ടു. അതിൽ ഒരുസ്ഥലം പള്ളിനിന്നിരുന്നതാണെന്നു നിശ്ചയിപ്പാൻ അവിടെ ധാരാളം തെളിവുകൾ ഉണ്ടു. പള്ളിവക ചില ലോഹ ഉരുപ്പടികൾ ടി തടാകത്തിൽ കിടപ്പുള്ളതായി ഒരു ശ്രുതിയുണ്ടു. സമീപെ ഉണ്ടായിരുന്ന ഒരു ക്ഷേത്രത്തിലെ ചില

പകരങ്ങളും അതിലുള്ളതായി കേട്ടിട്ടുണ്ട്. മനുഷ്യവാസം ഇല്ലാതെയുള്ള ദീർഘകാലത്തെ കിടപ്പിനാൽ അനേക നീർച്ചെടികൾ വളർന്നു ചെളികൾ ഇറങ്ങിയും തടാകം തിങ്ങിയിരിക്കുന്നതിനാലും പെരുമ്പാമ്പുകളുടെയും മറ്റും വാസമുള്ളതിനാലും അതിൽ ഇപ്പോൾ മനുഷ്യർക്കു ഇറങ്ങുവാൻ പ്രയാസമാണ്. നല്ല വേനൽക്കാലത്തും അതിൽ ധാരാളം വെള്ളം നിറക്കുക പതിവാണ്. ശേഷമുള്ള കരഭൂമികൾ ഉപയോഗമുള്ളവയും അല്ലാത്തവയുമായ പലവക വൻമരങ്ങളാലും ചൂരൽച്ചെടികൾ, മുളംകൂട്ടം, ഈറക്കാടുകൾ ഇവയാലും നിബിഡമായിരിക്കുന്നതും വന്യമൃഗങ്ങളുടെ അധിവാസസ്ഥലവും ആകുന്നു. അവിടെയുള്ള ആനകൾ മറ്റുവനങ്ങളിലുള്ളവയെക്കാൾ ബലവത്തുക്കളാണെന്നു വനസഞ്ചാരികൾ പറഞ്ഞു കേട്ടിട്ടുണ്ട്. വേനൽക്കാലങ്ങളിൽ വെയിലിന്റെയും കാട്ടുതീയുടെയും ഉപദ്രവത്തിൽനിന്നും ജലദൗർല്ലഭ്യത്തിൽനിന്നും രക്ഷപെടുവാനായി ആനകൾ മുതലായി നാനാവിധ ജന്തുക്കൾ അവിടെ കൂടിവരികപതിവാണ്. അത്യന്തം ഉന്നതങ്ങളായി അസാമാന്യവൃദ്ധതയെ പ്രാപിച്ചമാവു, പ്ലാവു മുതലായ നാട്ടുവൃക്ഷങ്ങളും അവിടവിടെ അപൂർവമായി കാണ്മാനുണ്ട്. പ്രസ്താവസ്ഥലത്തിന്റെ ഒരു ഭാഗത്തു കൂടിയാണ് ശബരിമല യാത്രക്കാർക്കുള്ള വഴി കിടക്കുന്നതു. ഇവിടെ ചില സ്ഥലങ്ങൾ മലയടിയാർ എന്നുപറയുന്നവർ കൃഷിചെയ്ക പതിവുണ്ട്. നൂറു, നൂറമ്പതും മേനി വരെ വിളവുകാണുക പതിവാണ്. "നിലക്കൽ മൊട്ട മൂവായിര"മെന്നു ഒരു പഴഞ്ചൊല്ലുള്ളതിന്റെ സാരം ഗ്രഹിക്കാത്തവർ ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല. മറ്റും പല ജാതിക്കാരും അവിടെ പാർപ്പുണ്ടായിരുന്നുവെന്നാണ് കേട്ടറിവുള്ളതു. അനേകം നിധികൾ അവിടങ്ങളിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെന്നും അവിടെ നിന്നും കുടിനീങ്ങിപ്പോയിട്ടുള്ളവരുടെ കൈവശം ആ വിവരത്തിനു ചെപ്പേടുകൾ ഉണ്ടായിരുന്നുവെന്നും അതിൽ ചിലതു ഇപ്പൊഴും അവരുടെ പിന്തുടർച്ചക്കാരുടെ കൈവശം ഉണ്ടെന്നും രാശി എന്നു പറയുന്ന പൊൻനാണയം അവിടെ നിന്നും ചിലർക്കു കിട്ടിയിട്ടുണ്ടെന്നും കേട്ടിട്ടുണ്ട്. തെക്കുംവടക്കുമുള്ള സുറിയാനിക്കാരിൽ ചില ഇടവകക്കാരും ആലപ്പുഴ കൊല്ലം മുതലായ സ്ഥലങ്ങളിൽ പാർപ്പുള്ള ഗൊണ്ണിനികൾ ചെട്ടികൾ മുതലായവരിൽ ചിലരും നിലക്കൽ നിന്നും കുടിപുറപ്പെട്ടിട്ടുള്ളവരുടെ സന്തതികൾ ആണെന്നു പാരമ്പര്യമായി സമ്മതിച്ചുപോരുന്നുണ്ട്.

പലസ്തീന ദേശിയനായിരുന്ന ശ്ലീഹായുടെ മനസ്സിനെ ആകർഷിപ്പാൻതക്ക യോഗ്യതകൾ ഉണ്ടായിരുന്ന കമനീയമായ ഈസ്ഥലം ഉപേക്ഷിച്ചു ആളുകൾ പുറപ്പെട്ടു പോരുന്നതിനു ഇടയാക്കിയതു ഒരുവക വണ്ടുകളുടെയും പുലികളുടെയും ഉപദ്രവമാണെന്നാണ് കേൾവിയുള്ളതു. വക്രിപ്പുലിയെന്നും പാപ്പാറയെന്നുമാണ് പാരമ്പര്യം അതിനു പേർ കൊടുത്തിട്ടുള്ളതു. ആഫ്രിക്കയിൽ ചിലയിടങ്ങളിൽ മനുഷ്യർ മുതലായ ജീവികളെ നിമിഷത്തിൽ ഹിംസിക്കുന്നവകയായി ഒരുവക ഈച്ചകൾ അടുത്ത കാലത്തിൽ ഉണ്ടായതായി അറിയുന്നതു

കൊണ്ടു ഇതു അസംഭവ്യമാണെന്നു വിചാരിപ്പാൻ പാടില്ല.

പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ പ്രതിഷ്ഠിക്കപ്പെട്ട പള്ളിയുള്ളതും ഈ നാട്ടിലുള്ള അനേകം ക്രിസ്ത്യാനികളുടെ ജന്മഭൂമിയുമായ ടി. സ്ഥലം ശൂന്യസ്ഥിതിയെ പ്രാപിച്ചിരിക്കുന്നതു ഓൎക്കുമ്പോൾ ആ വംശജന്മാരായ ഏവൎക്കും ദുസ്സഹമായ വ്യസനം ഉണ്ടാകാതെയിരിപ്പാൻ നിവൃത്തിയില്ലെന്നു മാത്രമല്ലാ ഇതിന്റെ ഉദ്ധാരണത്തിനു ഇതിലധികം ശുഭമായ കാലം വേണമെന്നു ആഗ്രഹിച്ചു താമസിപ്പാൻ ഉത്തമഭക്തിവൈരാഗ്യം അനുഭവിക്കാത്തതുമാകകൊണ്ടും കഠിന ആളുകളാൽമാത്രം വഹിക്കാവുന്നതല്ലാത്ത ഈ ആവശ്യനിവൃത്തിയിൽ സഹായിക്കത്തക്ക ഉത്സാഹിപ്പിക്കാവുന്നവരും വിശുദ്ധ സ്ഥലങ്ങളെക്കുറിച്ചു ഏറിയേറിയ ഭക്തിവൈരാഗ്യമുള്ളവരുമായ മഹാന്മാർ ഇതിനായി ഉത്സാഹിക്കണമെന്നും റാന്നിയിൽ നിന്നു ചൊവ്വെകിഴക്കു ൨൫ മയിത്സ മാത്രം അകലത്തിൽ ചെങ്ങന്നൂർ താലൂക്കിൽ ഉൾപ്പെട്ട ഈ പള്ളിയുടെയും സ്ഥലത്തിന്റെയും പുനഃസ്ഥാപനത്തിനു അങ്ങിനെയുള്ളവർ താല്പൎയ്യമായി യത്നിക്കണമെന്നും ഇതുസംബന്ധമായി ഇതിലധികം അറിവുള്ളവർ അവയെ ഈ പത്രവഴിയായി ജനസാമാന്യത്തെ അറിയിക്കണമെന്നുമുള്ള അപേക്ഷയോടുകൂടി തല്ക്കാലം വിരമിക്കുന്നു.

കെ. സി. സി.

പലവക.

എന്റെ സാറെ! ചുമ്മാതാണൊ അംഗ്ലീയക്കാർ പറയുന്നതു? നിങ്ങൾ സുറിയാനിക്കാരാണെന്നു പറയുന്നെല്ലൊ. സുറിയാനിക്കാരുടെ മലയാളഎവൻഗേലിയും മറ്റും നിങ്ങൾക്കുണ്ടൊ? നവീകരണക്കാരും യാക്കോബായക്കാരും അംഗ്ലീയക്കാരുടെ വേദപുസ്തകമല്ലെ വാങ്ങിച്ചു വായിക്കുന്നതു? ഇതു എത്ര പോരായ്മയും കുറച്ചിലുമാണ? നിങ്ങൾക്കു സുറിയാനിയിലെങ്കിലും ഒന്നുണ്ടല്ലൊ. അതു മലയാളത്തിൽ തൎജ്ജമചെയ്തിരുന്നുവെങ്കിൽ മറ്റൊരുത്തരോടു കെഞ്ചുവാൻ പോകണമൊ? ആരാന്റെയും........കണ്ടും കൊണ്ടു നായെ വളൎത്തുവാൻ പോയാൽ ഒക്കുന്നതാണൊ? വെറുതെയാണൊ അവരും നിങ്ങളും ഒന്നാണെന്നു ചിലർ കൊട്ടിഘോഷിക്കുന്നതു? അതുകൊണ്ടു സുറിയാനിയിലുള്ള വേദപുസ്തകങ്ങൾ എല്ലാം മലയാളത്തിൽ അച്ചടിച്ചു പ്രസിദ്ധം ചെയ്യുകിൽ സാധുക്കളുടെ സംശയം തീരുമായിരുന്നു.

ഇനി പറവാൻ പോകുന്നതു കൊല്ലത്തെ സുറിയാനിപ്പള്ളിയെപ്പറ്റിയാണു. എന്റെ പൊന്നുസാറെ ഇതെന്തു കഷ്ടം! തോമ്മാശ്ലീഹായാൽ വയ്ക്കപ്പെട്ടതും പുരാതനപ്പള്ളിയുമായ കൊല്ലത്തെ സുറിയാനിപ്പള്ളിയെപ്പറ്റി നിങ്ങളുടെ വായനക്കാരിൽ ഏറെക്കുറെ അറിയാത്തവരുണ്ടൊ എന്നു സംശയിപ്പാനില്ലെന്നാണു എന്റെ വിചാരം. ഞാൻ അന്യരാജ്യത്തുകാരനാണെന്നു വരികിലും ഇവിടത്തെ എന്റെ

## ശബരിമലയ്ക്കടുത്ത നിലക്കൽപള്ളി വിഷയം.

നിലക്കൽപള്ളിയും ഇടവകയും ശൂന്യമായിപ്പോയതു ദൈവത്തിന്റെ ക്രിയ എന്നല്ലാതെ വേറെ ഒന്നുമല്ലെന്നു നിദാനിച്ചു ദൈവികമായി ആലോചിക്കുന്ന എല്ലാ മനസ്സുകൾക്കും നന്നായി അറിയാം. പുലി കടുവാ മുതലായ ദുഷ്ടമൃഗങ്ങൾ അല്ല ആ സ്ഥലത്തെ നിവാസികളെ ഓടിച്ചതും. ചിലന്തിക്കൂട്ടത്തിൽ ഒരുവകയായ ഉറുമാപ്പുലി എന്നു പേരുപറയുന്ന വണ്ടോളം മുഴുപ്പുള്ളതും അതുകെട്ടുന്ന ചിലന്തിവലയിൽ അപൂർവ്വം ചെറിയ പക്ഷി വർഗ്ഗങ്ങൾ അകപ്പെട്ടു പോകുന്നതുമായ ഒരുവക പ്രാണികളുടെ ശല്യമായിരുന്നു. അതു ഉഗ്രമായി കടിക്കുന്നതും വിഷമുള്ളതും, വിഷത്തിന്റെ ഉപദ്രവംകൊണ്ടു ചിലപ്പോൾ മനുഷ്യർ മരിച്ചുപോകുന്നതുമാണ. മരിക്കാത്തപക്ഷം നീരു വന്നു വീങ്ങി കിടപ്പിൽ ആകുന്നതും ആണ. അതിനു പരിഹാരമായി ചില ഔഷധങ്ങൾ ഉണ്ടു. അതു ഈ കാലങ്ങളിൽ കണ്ടുപിടിച്ചിട്ടുള്ളതുമാണ. "ഒരു ഈച്ചക്കു ഒരു രാജാവിനെ കൊല്ലുവാൻ കഴിയും, ഒരു രാജാവിനു ഒരു ഈച്ചയെ കൊല്ലുവാൻ കഴികയില്ല". ഈച്ചയുടെയും രാജാവിന്റെയും ഉടയവൻ ദൈവമാണെന്നു സകലആളുകളും അറിയണം. എന്നാൽ നിലക്കൽപള്ളി പുനരുദ്ധാരണത്തിനു വേണ്ടും മാർഗ്ഗങ്ങൾ ചിന്തിക്കാം. ഒന്നാമത്തതു മലങ്കരെയുള്ള നമ്മുടെ മേലദ്ധ്യക്ഷന്മാർ ഐകമായി ചിന്തിച്ചു പ്രാർത്ഥനാനന്തരം അധീനത്തിലുള്ള എല്ലാ പള്ളികൾക്കും ഒരു കല്പന പുറപ്പെടുവിച്ചു മൂന്നുദിവസത്തെ പ്രത്യേകനോമ്പെടുത്തു മൂന്നാം ദിവസത്തിൽ ശുദ്ധമാന കുർബ്ബാന അനുഷ്ഠിച്ചും യോഗംകൂടി പള്ളിയോഗത്തിൽനിന്നും ശക്തിപോലുള്ള ഒരു സഹായം ചെയ്യാമെന്നു ഒരു റിപ്പോർട്ടു മേലദ്ധ്യക്ഷന്മാർക്കു അയെക്കണം. രണ്ടാമത്തു മേലദ്ധ്യക്ഷന്മാരും സകല ഇടവകയിലെ യോഗക്കാരും ചേർന്ന ഒരു അപേക്ഷ നിലക്കൽപള്ളിസ്ഥലവും അതിനോടുചേർന്ന നാലുനാഴിക സമചതുരം ഭൂമിയും കരം ഒഴിവായി ദാനം തരുന്നതിനു അച്ചടിച്ചു ഒരു പെറ്റീഷൻ മഹാരാജ തിരുമനസ്സിലേക്കും മറ്റു വേണ്ടിടങ്ങളിലും കൊടുക്കണം. മൂന്നാമത്തു തിരുവനന്തപുരം പട്ടണത്തിൽ നിലക്കൽപള്ളിക്കാര്യംവക ഒരു കമ്മട്ടിക്കാർ മേലദ്ധ്യക്ഷാധീനതയിൽ ഉണ്ടായിരിക്കണം. ഒന്നാംക്ലാസ്സുപള്ളിക്കാർ ഒരുനൂറു രൂപായും രണ്ടാംക്ലാസ്സു പള്ളിക്കാർ അമ്പതു രൂപായും മൂന്നാംക്ലാസ്സു പള്ളിക്കാർ ഇരുപത്തഞ്ചു രൂപായും നാലാംക്ലാസ്സു പള്ളിക്കാർ പന്ത്രണ്ടര രൂപായും കൊടുപ്പാൻ തക്കവണ്ണം മേലദ്ധ്യക്ഷരും കമ്മട്ടിക്കാരും കൂടി പള്ളികളെ നാലു ക്ലാസ്സായി തിരിച്ചു ആണ്ടിൽ രണ്ടു തവണയായിട്ടോ നാലു തവണയായിട്ടോ പണംവാങ്ങി രസീതുകൊടുത്തു പണം സേവിംഗ്സ്ബാങ്കിൽ ഏല്പിച്ചു. യുക്തമായ ആലോചനയോടു ചിലവു ചെയ്യണം. നാലാമത്തു. വേല ചെയ്വാൻ പ്രാപ്തിയുള്ളവരായി പാർപ്പിടം ഇല്ലാത്തവരായിട്ടുള്ള ആളുകളെയും മനസ്സുള്ളവരെയും എല്ലാ പള്ളിഇടവകക്കാരും സാക്ഷിപത്രത്തോടു കമ്മട്ടിക്കാർക്കു തിരിയപ്പെടുത്തുകയും കമ്മട്ടിക്കാരുടെ നിയമാനുസരണം ആ വക ആളുകൾ നിലക്കൽപള്ളിസ്ഥലത്തു കുടിയേറി പാർക്കയും വേണം. ഈ പള്ളിസ്ഥലത്തെപ്പറ്റി കണ്ണീർ തൂകി പ്രാർത്ഥിക്കുന്നവർ എല്ലാ ഇടവകകളിലും ഉണ്ടായിരിക്കണം. എല്ലാം ദൈവത്തിങ്കൽനിന്നും സഫലമാകട്ടെ. ഇപ്രകാരത്തോളം സംഗതി ഉത്തമമെങ്കിൽ ശേഷിച്ച ആലോചനകൾ ദൈവകൃപയാൽ പിന്നാലെ.

എന്നു

൯൨൦

ലേഖകൻ പറയുന്ന വിധത്തിൽ ബുദ്ധിമുട്ടും ദ്രവ്യവ്യയവും ചെയ്തു നിലക്കൽ പള്ളി പുനരുത്ഥാനം ചെയ്യുന്നതുകൊണ്ടു സഭയ്ക്കു പൊതുവിൽ എന്താണു പ്രയോജനമെന്നു മനസ്സിലാകുന്നില്ല. സത്യവന്ദന ഈ മലയിലും യെറുശലേമിലും അല്ല ആത്മാവിലും സത്യത്തിലും മാത്രമാണെന്നു കർത്താവു ശമറിയാ സ്ത്രീയോടു കല്പിച്ചതുപോലെയുള്ള സത്യവന്ദനയ്ക്കു നിലക്കൽപോയി ഇത്ര ബുദ്ധിമുട്ടണമെന്നില്ലല്ലോ. ചരിത്രസംബന്ധമായ വല്ല പുതിയ അറിവുകൾ പ്രാപിക്കുന്നതിനു വല്ല രേഖകൾ നിലക്കൽ അന്വേഷിച്ചാൽ ഉണ്ടാകുമോ എന്നു പരീക്ഷിക്കുന്നതു നന്നായിരിക്കും. അതിനായി വല്ല ബുദ്ധിമുട്ടും ചിലവും ചെയ്യാൻ വിരോധമില്ല.

ഇ. പ. പ.